**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 315** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എൻ. ശക്തൻ | ശ്രീ. രമേശ് ചെന്നിത്തല |
| ശ്രീ. ജ്യോതികുമാർ ചാമക്കാല | (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി) |
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | |

**(എ)** എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ആക്രമിച്ച സംഭവത്തിൽ കേസെടുത്തിട്ടുണ്ടോയെന്ന വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 762/2026 u/s 189(2), 191(2), 191(3), 190, 126(2), 296(b), 132, 121(1), 118(1), 109 BNS&Sec.3 (1) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. കണ്ടാലറിയാവുന്ന മുന്നൂറോളം പേർക്കെതിരെയാണ് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 762/2026 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ 25 പ്രതികളുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതും ഒരു പ്രതിയെ തിരിച്ചറിഞ്ഞതിലേക്ക് ബഹുമാനപ്പെട്ട തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി III മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മറ്റു പ്രതികളെ തിരിച്ചറിയുന്ന മുറക്ക് തുടർ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** പ്രസ്തുത കേസ് പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**